LIBRARY ARCHIVES Kerala Legislative Assembly

കൂട്ട് ചെയ്യുന്നതിനുമുമ്പ് ടെണ്ടർ നടപടി ചട്ടങ്ങളുടെയും വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ മാത്രമാണ്. ടെണ്ടറിൽ കൂട്ട് ചെയ്യേണ്ട അവസാന തീയതിക്ക് മുമ്പ് തന്നെ കരട് എഗ്രിമെന്റ് ബിഡ് വാങ്ങിയ മൂന്ന് കമ്പനികൾക്കും നൽകിയിട്ടുള്ളതും അതിൽ ഒരു മാറ്റവും അതിനുശേഷവും വരുത്തുവാൻ നിയമപരമായി സാധ്യത ഇല്ലാത്തതുമാണ്.

(ബി) വളരെ സുതാര്യവും മത്സരാധിഷ്ഠിതവുമായ ടെണ്ടർ നടപടിക്രമങ്ങളാണ് പദ്ധതിക്കായി പിന്തുടർന്നത്. ടെണ്ടറിൽ യോഗ്യതാ ഘട്ടത്തിൽ അഞ്ചു കമ്പനികൾ യോഗ്യത നേടുകയും അതിൽ മൂന്ന് കമ്പനികൾ RFP രേഖകൾ 8 ലക്ഷം രൂപ നൽകി വാങ്ങുകയും ചെയ്തു. കൂട്ട് ചെയ്തത് ഏക കമ്പനിയായിരുന്ന സാഹചര്യത്തിൽ ഇതുസംബന്ധിച്ചുള്ള വിദഗ്ധോപദേശം നിയമവകുപ്പിൽനിന്നും സ്റ്റോർ പർച്ചേസിൽനിന്നും പദ്ധതിയുടെ നിയമോപദേശകരിൽനിന്നും തേടിയിരുന്നു.

(സി) ഇത്തവണ (2015) വികസിപ്പിച്ചില്ലെങ്കിൽ പിന്നീടൊരിക്കലും വിഴിഞ്ഞം വികസനം സാധ്യമാവുകയില്ല എന്ന നിഗമനത്തിലെത്തിയത് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതാധികാര സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

അദാനിയുമായി മുഖ്യമന്ത്രി നടത്തിയ കൂടിക്കാഴ്ച

117 (2936) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ടെണ്ടറിൽ കൂട്ട് ചെയ്ത അദാനി പോർട്ട്സ് ഉടമ അദാനിയുമായി മുഖ്യമന്ത്രി ഡൽഹിയിൽ വച്ച് നടത്തിയ കൂടിക്കാഴ്ച ഔദ്യോഗികമായിരുന്നുവോ ;

(ബി) അദാനിയുമായി കൂടിക്കാഴ്ച നടത്താൻ മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ടായിരുന്നുവോ ; തുറമുഖ കമ്പനിയുടെ ഡയറക്ടർ ബോർഡിൽ തീരുമാനം എടുത്തിട്ടുണ്ടായിരുന്നുവോ ;

(സി) കൂടിക്കാഴ്ചയ്ക്കുവേണ്ടി മുഖ്യമന്ത്രി നടത്തിയ കറസ്പോണ്ടൻസ് എന്തൊക്കെയായിരുന്നു ; പ്രസ്തുത കൂടിക്കാഴ്ച യോഗത്തിന്റെ മിനിട്സിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) ഒരു വൻകിട പദ്ധതിയുടെ ടെണ്ടറിനു പങ്കെടുത്ത ഒരു കമ്പനി ഉടമയുമായി ഇത്തരത്തിൽ നടത്തിയ ചർച്ച ടെണ്ടർനായുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച വ്യവസ്ഥകളുടെ ഏത് വ്യവസ്ഥയനുസരിച്ചാണെന്നു വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിഴിഞ്ഞം തുറമുഖ ടെണ്ടറിൽ പങ്കെടുത്ത Adani Ports & Special Economic Zone Ltd.-ന്റെ ചെയർമാനും ആ കമ്പനിയുടെ ഉദ്യോഗസ്ഥരുമായി മുഖ്യമന്ത്രിയും പദ്ധതിയുമായി ബന്ധപ്പെട്ട കേരളത്തിലെ ഉദ്യോഗസ്ഥൻമാരും ചേർന്ന് നടത്തിയ കൂടിക്കാഴ്ച തുറമുഖ കമ്പനിയുടെ ഡയറക്ടർ ബോർഡ് യോഗ തീരുമാന പ്രകാരം ബിഡ്ഡിൽ യോഗ്യത നേടിയ കമ്പനികളെ ബിഡ്ഡിൽ പങ്കെടുപ്പിക്കുന്നതിന് അവർക്ക് താൽപ്പര്യം ജനിപ്പിക്കുന്നതിനു വേണ്ടിയായിരുന്നു. അത് ടെണ്ടർ നടപടി ക്രമങ്ങളുടെ ഭാഗമായ പ്രീ-ബിഡ് മീറ്റിംഗ് ആയിരുന്നില്ല.

(ബി) അദാനിയുമായി കൂടിക്കാഴ്ച നടത്താൻ മന്ത്രിസഭ തീരുമാനിച്ചിട്ടില്ല. ബിഡ്ഡിൽ ആരും താൽപ്പര്യം പ്രകടിപ്പിക്കാത്ത സാഹചര്യത്തിൽ ബിഡ്ഡിൽ യോഗ്യത നേടിയ കമ്പനികളെ ബിഡ്ഡിൽ പങ്കെടുപ്പിക്കുന്നതിനുള്ള താൽപ്പര്യം ജനിപ്പിക്കുന്നതിനുവേണ്ടി തുറമുഖ കമ്പനിയുടെ ഡയറക്ടർ ബോർഡിന്റെ തീരുമാന പ്രകാരം ബോർഡ് ചെയർമാൻകൂടിയായ മുഖ്യമന്ത്രി ടെണ്ടറിൽ പങ്കെടുത്ത അദാനി പോർട്ട്സിന്റെ ചെയർമാനുമായി കൂടിക്കാഴ്ച നടത്തിയത്.

(സി) കൂടിക്കാഴ്ചയ്ക്കുവേണ്ടി മുഖ്യമന്ത്രി ബിഡ്ഡിൽ യോഗ്യത നേടിയ എല്ലാ കമ്പനികളുടെ പ്രതിനിധികളുമായി ഫോണിൽ സംസാരിച്ചതല്ലാതെ മറ്റ് കറസ്പോണ്ടൻസ് ഒന്നും നടത്തിയിട്ടില്ല. ടെണ്ടർ പ്രോസസ്സിന്റെ ഭാഗമായ പ്രീ ബിഡ് മീറ്റിംഗ് അല്ലാത്തതിനാൽ ഈ യോഗത്തിന്റെ മിനിറ്റ്സ് തയ്യാറാക്കിയിട്ടില്ല.

(ഡി) ടെണ്ടറിൽ യോഗ്യത നേടിയ കമ്പനികൾ ആരും തന്നെ ബിഡ് സമർപ്പിക്കാൻ താൽപ്പര്യം കാണിക്കാത്ത സാഹചര്യത്തിൽ തുറമുഖ കമ്പനിയുടെ ഡയറക്ടർ ബോർഡിന്റെ തീരുമാന പ്രകാരം ബിഡ്ഡിൽ യോഗ്യത നേടിയ കമ്പനികളെ ബിഡ്ഡിൽ പങ്കെടുപ്പിക്കുന്നതിനുള്ള താൽപ്പര്യം ജനിപ്പിക്കുന്നതിനു വേണ്ടി ബോർഡ് ചെയർമാൻ കൂടിയായ മുഖ്യമന്ത്രി എല്ലാ കമ്പനികളുടെ ചെയർമാനുമായി ചർച്ച നടത്തിയിരുന്നു. ഇതിന്റെ തുടർനടപടിയായിട്ടാണ് ടെണ്ടറിൽ പങ്കെടുത്ത അദാനി പോർട്ട്സിന്റെ ചെയർമാനുമായി മുഖ്യമന്ത്രി നേരിട്ട് ചർച്ച നടത്തിയത്. ഇത് ടെണ്ടർ നടപടികളുടെ ഔദ്യോഗിക ഘടകമായ പ്രീ-ബിഡ്ഡ് മീറ്റിംഗ് അല്ലായിരുന്നുവെങ്കിലും ഇത്തരത്തിലുള്ള ചർച്ച നടത്തുന്നതിന് ടെണ്ടർ നടപടിക്രമങ്ങളെ നിയമപരമായി ബാധിക്കുന്നില്ല.